# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 12.06.2014-ൽ

നിയമസഭാ ചോദ്യം നമ്പർ:119 മറുപടിയ്ക്ക്

## കയർ വ്യവസായം ലാഭകരമാക്കാനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>,, എം.ഉമ്മർ<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, പി.ഉബൈദുള്ള | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകളെ സംബന്ധിച്ച വിശദവിവരം നൽകാമോ; | എ) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ച് ഇപ്പോൾ പ്രത്യേകിച്ച് പഠനം നടത്തിയിട്ടില്ലെങ്കിലും കയർ വ്യവസായത്തെ സംരക്ഷിച്ചു നിർത്തുന്നതിന് നിരവധി ചർച്ചകളും അതിന്മേൽ തീരുമാനമാകുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) ചകിരിയിൽ നിന്നും കയറിൽ നിന്നും, വൈവിധ്യമാർന്ന ഉൽപന്നങ്ങൾ നിർമ്മിച്ച് വ്യവസായം ലാഭകരമാക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാ ക്കുമോ;<br>സി) ഇത്തരത്തിലുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണന പ്രോത്സാഹനത്തിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; പുതിയ പദ്ധതികൾ ഏതെങ്കിലും പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്താമോ? | ബി)&(സി) വൈവിദ്ധ്യമാർന്ന കയറുൽപന്നങ്ങൾ നിർമ്മിച്ച് വ്യവസായം നടത്തുവാൻ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ, ചെറുകിട ഉത്പാദക സംഘങ്ങൾ, കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ്, അപ്പക്സ് സ്ഥാപനമായ കയർഫെഡ് എന്നിവർക്കാണ് പ്രധാനമായും സഹായം നൽകി വരുന്നത്. വിപണി വികസന സഹായം (MDA), കയർ കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കുന്ന ക്രയവില സ്ഥിരതാ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ , അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, പ്രോജക്ട് അധിഷ്ഠിത സഹായങ്ങൾ, സംഘങ്ങൾക്ക് പ്രവർത്തന മൂലധനം വർദ്ധിപ്പിച്ചു നൽകുന്ന പദ്ധതി ഇവ ഇപ്രകാരമുള്ള പ്രധാന പദ്ധതികളാണ്. ഫോംമാറ്റിംഗ്സ്(ഇന്ത്യാ) ലിമിറ്റഡിന്റെ കീഴിൽ കയർ കോംപസിറ്റ് ബോർഡ് ഫാക്ടറി തുടങ്ങാനും കയർ കോർപ്പറേഷന്റെ കീഴിൽ ഒരു സംയോജിത പ്രോജക്ട് തുടങ്ങാനും ധനസഹായം നല്കിയിട്ടുണ്ട്.<br>ദേശീയ-അന്തർദേശീയ എക്സിബിഷനുകളിൽ പങ്കെടുത്തും, സംഘടിപ്പിച്ചും രാജ്യത്ത് ബയർ സെല്ലർ മീറ്റ്, റോഡ് ഷോ എന്നിവ സംഘടിപ്പിച്ചും,ഓണക്കാലത്ത് ദൃശ്യമാധ്യമത്തിലൂടെ "ഒരു വീട്ടിൽ ഒരു കയറുൽപന്നം" പോലെയുള്ള പരസ്യപ്രചരണങ്ങളിലൂടെയും വിപണനം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇത്തരം സംവിധാനം തുടരുന്നതോടൊപ്പം സർക്കാർ നിയന്ത്രിത സ്ഥാപനമായ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണം പ്രത്യേകം കോ-ഓർഡിനേറ്റ് ചെയ്യാനുള്ള സംവിധാനം ഒരുക്കാനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ